ടി.കെ ഉബൈദ്



ഖുർആൻ ബോധനം

1059

# സൂറ – 34 / സബഅ്

**സൂക്തം: 23**

അല്ലാഹു അവന്റെ അതിവിശുദ്ധരായ ചില ദാസന്മാർക്കു നൽകുന്ന ഒരു ബഹുമതിയാണ് ശിപാർശാനുമതി. അതു ലഭിച്ചവരാരും അവന്റെ നിയമങ്ങൾക്കും വിധികൾക്കും എതിരായി, അല്ലെങ്കിൽ അവനെ ധിക്കരിക്കുന്നവർക്ക് വേണ്ടി യാതൊന്നും ശിപാർശ ചെയ്യില്ല. ചെയ്താൽ തന്നെ അല്ലാഹു അതു സ്വീകരിക്കുകയുമില്ല. അന്ത്യപ്രവാചകൻ മുഹമ്മദ് (സ)ക്ക് അന്ത്യനാളിൽ അല്ലാഹുവിങ്കൽ നിന്ന് ശിപാർശക്ക് അനുമതി ലഭിക്കുമെന്ന് പ്രബലമായ ചില ഹദീസുകളിൽ പറയുന്നു.

وَلَا تَنفَعُ ٱلشَّفَٰعَةُ عِندَهُۥٓ إِلَّا لِمَنْ أَذِنَ لَهُۥ ۚ حَتَّىٰٓ إِذَا فُزِّعَ عَن قُلُوبِهِمْ قَالُوا۟ مَاذَا قَالَ رَبُّكُمْ ۖ قَالُوا۟ ٱلْحَقَّ ۖ وَهُوَ ٱلْعَلِىُّ ٱلْكَبِيرُ ﴿٢٣﴾

23. അവങ്കൽ ശിപാർശയൊന്നും പ്രയോജനപ്പെടുകയില്ല. ശുപാർശ ചെയ്യാൻ അവൻ അനുവാദം നൽകിയിട്ടുള്ളവർക്കല്ലാതെ. എത്രത്തോളമെന്നാൽ, ഉയിർത്തെഴുന്നേൽപിന്റെ സംഭ്രമത്തിൽനിന്ന് മനസ്സ് മുക്തമാകുമ്പോൾ അവർ ചോദിക്കും: നമ്മുടെ വിധാതാവ് പറഞ്ഞതെന്താണ്? അവർ പറയും: അവൻ സത്യം വിധിച്ചിരിക്കുന്നു. അവൻ അത്യുന്നതനും മഹനീയനുമല്ലോ.

**23**

وَلَا تَنفَعُ = പ്രയോജനപ്പെടുകയില്ല الشَّفَاعَةُ = ശുപാർശ(യൊന്നും) عِندَهُ = അവന്റെയടുത്ത്
إِلَّا لِمَنْ أَذِنَ لَهُ = അവൻ അനുവാദം നൽകിയിട്ടുള്ളവർക്കല്ലാതെ حَتَّىٰ = എത്രത്തോളമെന്നാൽ
إِذَا فُزِّعَ عَن قُلُوبِهِمْ = മുക്തമാകുമ്പോൾ അവരുടെ മനസ്സ് സംഭ്രമത്തിൽനിന്ന് (ഉയിർത്തെഴുന്നേൽപിന്റെ)
قَالُوا = പറ(യും)ഞ്ഞു അവർ مَاذَا قَالَ رَبُّكُمْ = പറഞ്ഞതെന്താണ് നിങ്ങളു(നമ്മു)ടെ വിധാതാവ്
قَالُوا = പറ(യും) ഞ്ഞു അവർ الْحَقَّ = സത്യം വിധിച്ചിരിക്കുന്നു അവൻ
وَهُوَ الْعَلِيُّ الْكَبِيرُ = അവൻ (അത്യു) ഉന്നതനും വലിയവ(മഹനീയ)നുമാ(ല്ലോ)കുന്നു

ദൈവങ്ങൾ ഒരുപാടുണ്ടെങ്കിലും എല്ലാ ദൈവങ്ങൾക്കും മീതെ ഒരു മഹാദൈവമുണ്ട്. സർവശക്തനും ആത്യന്തിക പരമാധികാരിയും മഹാദൈവമാണ്. അവന്റെ അധികാരാവകാശങ്ങളിലും ദിവ്യത്വത്തിലും പങ്ക് പറ്റുന്നവരാണ് ഇതര ദൈവങ്ങൾ. ഈ ഉപദൈവങ്ങൾ തങ്ങളെ പൂജിക്കുന്നവരുടെ ഭാഗധേയം നിയന്ത്രിച്ചുകൊണ്ടിരിക്കുന്നു. ആരാധ്യർ ആഗ്രഹിക്കുന്നതെല്ലാം അവർ സാധിച്ചുകൊടുക്കും. ഒരുവേള മഹാദൈവത്തിന് ഇഷ്ടമില്ലാത്തകാര്യങ്ങളാണ് ആരാധകർ ആഗ്രഹിക്കുന്നതെങ്കിലും ഉപദൈവങ്ങൾ അവനോട് ശിപാർശ ചെയ്ത് സഫലമാക്കിക്കൊടുക്കും. ഈ അന്ധവിശ്വാസത്തെ ഖണ്ഡിക്കുകയാണീ സൂക്തം. മൊത്തത്തിൽ അല്ലാഹുവിങ്കൽ ശിപാർശ പ്രയോജനപ്പെടുകയില്ല. ആർക്കെങ്കിലും വേണ്ടി ശുപാർശ ചെയ്യാൻ മറ്റാർക്കെങ്കിലും അല്ലാഹു അനുവാദം നൽകിയിട്ടുണ്ടെങ്കിൽ ആ ശിപാർശ മാത്രമേ പ്രയോജനപ്പെടൂ. ആർക്കും യഥേഷ്ടം കയറിച്ചെന്ന് ശിപാർശകൾ പറയാവുന്ന സന്നിധാനമല്ല അല്ലാഹുവിന്റേത്.

رَّبِّ السَّمَاوَاتِ وَالْأَرْضِ وَمَا بَيْنَهُمَا الرَّحْمَٰنِ ۖ لَا يَمْلِكُونَ مِنْهُ خِطَابًا ﴿٣٧﴾ يَوْمَ يَقُومُ الرُّوحُ وَالْمَلَائِكَةُ صَفًّا ۖ لَّا يَتَكَلَّمُونَ إِلَّا مَنْ أَذِنَ لَهُ الرَّحْمَٰنُ وَقَالَ صَوَابًا ﴿٣٨﴾

(പ്രപഞ്ച വിധാതാവായ കരുണാവാരിധിയുടെ മുന്നിൽ ആർക്കും സംസാരിക്കാൻ അധികാരമുണ്ടാവില്ല. ആത്മാവും മലക്കുകളും അണിയണിയായി നിലകൊള്ളും നാളിൽ, ആ കരുണാമയൻ അനുമതി നൽകുകയും ശരിയായ കാര്യം മാത്രം പറയുകയും ചെയ്യുന്നവനല്ലാതെ യാതൊരാളും ഒന്നും ഉരിയാടുന്നതല്ല - 78: 37,38).

مَن ذَا الَّذِي يَشْفَعُ عِندَهُ إِلَّا بِإِذْنِهِ (അവന്റെ അനുവാദമില്ലാതെ അവങ്കൽ ശിപാർശ ചെയ്യാൻ കഴിയുന്നവനാരുണ്ട്? - 2: 255).

لَّا تَنفَعُ الشَّفَاعَةُ إِلَّا مَنْ أَذِنَ لَهُ الرَّحْمَٰنُ (കരുണാമയൻ അനുമതി നൽകിയവരുടെ ശിപാർശയല്ലാതെ പ്രയോജനപ്പെടുകയില്ല - 20:109).

ഈ സൂക്തത്തിൽ പറയുന്നത് إِلَّا لِمَنْ أَذِنَ لَهُ (ആർക്കുവേണ്ടി ശിപാർശ അനുവദിച്ചുവോ അവർക്കല്ലാതെ) എന്നാണ്. അതായത് ശിപാർശ സമർപ്പിക്കുന്നവർക്ക് അതു സമർപ്പിക്കാൻ അനുവാദം വേണം. ആർക്കുവേണ്ടിയാണോ ശിപാർശ ചെയ്യുന്നത് അവർക്ക് വേണ്ടി ശിപാർശ ചെയ്യാനുള്ള അനുവാദവും വേണം. ശിപാർശ ചെയ്യാൻ അനുവാദം ലഭിച്ചാലും ആ അനുവാദം ആർക്കുവേണ്ടി ഉപയോഗിക്കണമെന്ന് അല്ലാഹുവാണ് തീരുമാനിക്കുക. ശിപാർശ ചെയ്യാൻ അനുമതി ലഭിച്ചവർക്ക് ആർക്കുവേണ്ടിയും എന്തും ശിപാർശ ചെയ്യാൻ പറ്റില്ല.

لَا تُغْنِي شَفَاعَتُهُمْ شَيْئًا إِلَّا مِن بَعْدِ أَن يَأْذَنَ اللَّهُ لِمَن يَشَاءُ وَيَرْضَىٰ (അവരുടെ ശിപാർശ പ്രയോജനവും ചെയ്യുന്നില്ല. അല്ലാഹു ഉദ്ദേശിക്കുന്നവർക്കും തൃപ്തിപ്പെടുന്നവർക്കും വേണ്ടി അവൻ അനുമതി നൽകിയ ശേഷം ചെയ്യുന്ന ശിപാർശ മാത്രമേ പ്രയോജനപ്പെടൂ - 53:26). അല്ലാഹുവിന്റെ കൽപനയനുസരിച്ചു മാത്രം പ്രവർത്തിക്കുന്ന, അവന്റെ ഗാംഭീര്യത്താൽ കമ്പിതരായ ആളുകൾ അവൻ തൃപ്തിപ്പെടുന്നവർക്കു വേണ്ടി മാത്രം നടത്തുന്നത് إِلَّا لِمَنِ ارْتَضَىٰ ആകുന്നു. സ്വീകാര്യമായ ശിപാർശ എന്ന് 21:27,28 സൂക്തങ്ങൾ വ്യക്തമാക്കിയിരിക്കുന്നു. അല്ലാഹുവിന്റെ ഇഛക്കും തൃപ്തിക്കും വിധേയമായിട്ടല്ലാതെ ആർക്കും അവന്റെ മുമ്പിൽ ശിപാർശ സമർപ്പിക്കാൻ കഴിയില്ല.

قُل لِّلَّهِ الشَّفَاعَةُ جَمِيعًا ۖ لَّهُ مُلْكُ السَّمَاوَاتِ وَالْأَرْضِ ۖ ثُمَّ إِلَيْهِ تُرْجَعُونَ ﴿٤٤﴾

(പ്രവാചകൻ പറയുക; ശിപാർശകളൊക്കെയും അല്ലാഹുവിന്റെ അധികാരത്തിൽ മാത്രമാകുന്നു. അവന്നു മാത്രമാകുന്നു ആകാശ ഭൂമികളുടെ ആധിപത്യം. ഒടുവിൽ നിങ്ങൾ അവങ്കലേക്കു തന്നെ മടങ്ങേണ്ടവരാകുന്നു 39:44).

അല്ലാഹു അവന്റെ അതിവിശുദ്ധരായ ചില ദാസന്മാർക്കു നൽകുന്ന ഒരു ബഹുമതിയാണ് ശിപാർശാനുമതി. അതു ലഭിച്ചവരാരും അവന്റെ നിയമങ്ങൾക്കും വിധികൾക്കും എതിരായി, അല്ലെങ്കിൽ അവനെ ധിക്കരിക്കുന്നവർക്ക് വേണ്ടി യാതൊന്നും ശിപാർശ ചെയ്യില്ല. ചെയ്താൽ തന്നെ അല്ലാഹു അതു സ്വീകരിക്കുകയുമില്ല. അന്ത്യപ്രവാചകൻ മുഹമ്മദ് (സ)ക്ക് അന്ത്യനാളിൽ അല്ലാഹുവിങ്കൽനിന്ന് ശിപാർശക്ക് അനുമതി ലഭിക്കുമെന്ന് പ്രബലമായ ചില ഹദീസുകളിൽ പറയുന്നു.

മറ്റു പ്രവാചകന്മാർക്കൊന്നുമില്ലാതെ മുഹമ്മദ് നബിക്ക് മാത്രം ലഭിച്ച ബഹുമതിയാണതെന്ന് ഹദീസുകളിൽ പറയുന്നുണ്ട്. പൂർവ പ്രവാചകന്മാരിൽനിന്ന് വ്യത്യസ്തമായി തനിക്കു മാത്രം ലഭിച്ച അഞ്ചുകാര്യങ്ങളിൽ ഒന്ന് ശിപാർശാനുമതി وأعْطِيتُ الشفاعة فأَدَّخِرها لأُمّتى الى يوم القيامة (എനിക്ക് ശിപാർശക്ക് അനുമതി ലഭിച്ചിട്ടുണ്ട്. ഞാനത് എന്റെ സമുദായത്തിനുവേണ്ടി ഉയിർത്തെഴുന്നേൽപ് നാളിലേക്ക് സൂക്ഷിച്ചു വെച്ചിരിക്കുകയാണ്) ആണെന്ന് പ്രവാചകൻ പ്രസ്താവിച്ചതായി ഇബ്നുൽ മൻദിർ അബൂഹുറൈറയിൽനിന്നും ഇബ്നു മർദവൈഹി ഇബ്നു അബ്ബാസിൽനിന്നും ഉദ്ധരിച്ചിരിക്കുന്നു.

تفزيع-ൽനിന്നുള്ള കർമണി വചനമാണ് فُزِّعَ. ഭയവിഹ്വലമാക്കലും പരിഭ്രമിപ്പിക്കലുമാണ് تفزيع. ഈ പദം عن-മായി ചേരുമ്പോൾ അർഥം ഭയവിഹ്വലതയിൽനിന്നു മുക്തമാക്കലാണ്. قَالُوا എന്ന് രണ്ടുവട്ടം പറയുന്നുണ്ടെങ്കിലും രണ്ടിന്റെയും കർത്താവിനെ പറഞ്ഞിട്ടില്ല. ആദ്യത്തെ قَالُوا-വിന്റെ കർത്താവ് ശിപാർശയിലൂടെ രക്ഷ പ്രതീക്ഷിക്കുന്ന ജനങ്ങളും രണ്ടാമത്തേതിന്റെ കർത്താവ് ശിപാർശ ഏറ്റെടുക്കുന്ന മലക്കുകളും പുണ്യാത്മാക്കളുമാണെന്ന് മുഫസ്സിറുകൾ പൊതുവിൽ അഭിപ്രായപ്പെട്ടിരിക്കുന്നു. حَتَّىٰ إِذَا........الْحَقَّ എന്ന വാക്യം ശിപാർശയെ സ്ഥിരപ്പെടുത്തുന്നതായിട്ടാണ് അധിക പണ്ഡിതന്മാരും വ്യാഖ്യാനിച്ചിട്ടുള്ളത്. അതിങ്ങനെ: ശിപാർശ ചെയ്യാനും ചെയ്യപ്പെടാനും ആഗ്രഹിക്കുന്നവർ അതിനുള്ള അനുമതിക്കുവേണ്ടി ഭയവിഹ്വലരും പ്രകമ്പിതരുമായി കാത്തുനിൽക്കേണ്ടി വരും, ഭയവും വിഭ്രാന്തിയും നീങ്ങിപ്പോകുന്നതുവരെ കാത്തുനിൽപ് തുടരും. ഒടുവിൽ മനസ്സ് സ്വസ്ഥമാകും. അല്ലാഹു ശിപാർശക്ക് അനുമതി നൽകും എന്ന ശുഭാപ്തി വിശ്വാസമുദിക്കും. ആ ശുഭപ്രതീക്ഷ ഉറപ്പിക്കാൻ അവർ മലക്കുകളോടും മറ്റു ശിപാർശകരോടും ചോദിക്കും: അല്ലാഹു എന്തു പറഞ്ഞു? അവൻ പറഞ്ഞതു സത്യമാണ്. അത്യുന്നതനും അതിമഹനീയനുമാണവൻ എന്നായിരിക്കും അവരുടെ മറുപടി. 'സത്യം പറഞ്ഞു'

എന്നതിന്റെ താൽപര്യം ശിപാർശ അർഹിക്കുന്നവർക്കു വേണ്ടി ശിപാർശ ചെയ്യാൻ അതിനു യോഗ്യതയുള്ളവർക്ക് അനുമതി നൽകിയിരിക്കുന്നു എന്നാണ്.

حَقّ-ന്റെ അർഥവിശാലത നേരത്തെ *ഖുർആൻ ബോധനം* വിശദമാക്കിയിട്ടുണ്ട്. ഈ സന്ദർഭത്തിലും വരുന്ന 26-ാം സൂക്തത്തിലും ഈ പദം ഉപയോഗിച്ചിരിക്കുന്നത് യാഥാർഥ്യം, ധർമം, നീതി മുതലായ ആശയങ്ങളെ ഉദ്ദേശിച്ചാണ്.

അല്ലാഹു കൽപനകളോ, പ്രവാചകന്മാരിലേക്കുള്ള ദിവ്യസന്ദേശ(വഹ്‌യ്)മോ മലക്കുകൾക്കു നൽകുമ്പോൾ അവർക്കിടയിൽ വലിയ പരിഭ്രമവും പ്രകമ്പനവുമുണ്ടാകും. ശിപാർശാവിധി പുറപ്പെടുവിച്ചപ്പോഴും ഈ പരിഭ്രമവും പ്രകമ്പനവുമുണ്ടായി. അതു നീങ്ങിയശേഷം ശിപാർശ കാത്തിരുന്നവർ അവരോടു സംസാരിക്കുന്നതാണ് ഇവിടെ സൂചിപ്പിക്കുന്നത് എന്നുമുണ്ടൊരു വ്യാഖ്യാനം.

മറ്റൊരു വ്യാഖ്യാനം ഇങ്ങനെ: മലക്കുകൾ അല്ലാഹുവിന്റെ വത്സല പുത്രിമാരാണെന്നും അവരെ പൂജിച്ചു പ്രസാദിപ്പിച്ചാൽ അവരുടെ ശിപാർശ വഴി മഹാദൈവത്തിന്റെ ശിക്ഷയിൽനിന്ന് രക്ഷനേടി സ്വർഗം പ്രാപിക്കാമെന്നും അറേബ്യൻ ബഹുദൈവവിശ്വാസികൾ ധരിച്ചിരുന്നു. ഈ ധാരണയെ നിഷേധിക്കുകയാണിവിടെ. അന്ത്യനാളിലെ മഹാ സംഭവങ്ങൾ മനുഷ്യരെ മാത്രമല്ല മലക്കുകളെയും ഭയവിഹ്വലരാക്കും. അന്ന് മനുഷ്യർക്കു വേണ്ടി ശിപാർശ ചെയ്യാനൊന്നും അവർക്കു കഴിയില്ല. എന്നല്ല അല്ലാഹു എന്തൊക്കെയാണ് കൽപിക്കാൻ പോകുന്നത് എന്തൊക്കെയാണ് സംഭവിക്കാൻ പോകുന്നത് എന്ന് അറിയുക പോലുമില്ല അവർ. പ്രാഥമിക ഘട്ടത്തിലെ ഭീതിയും വിഭ്രാന്തിയും അകലുമ്പോൾ അവർ പസ്പരം ചോദിക്കും: വിധാതാവ് എന്തെല്ലാം ഉത്തരവുകളാണിറക്കിയിരിക്കുന്നത്. എന്തൊക്കെ വിധികളാണ് പ്രസ്താവിച്ചിരിക്കുന്നത്?! അവർ തന്നെ മറുപടി പറയും: അവൻ കൽപിക്കുന്നതും വിധിക്കുന്നതും എന്തായാലും കറകളഞ്ഞ സത്യവും നീതിയുമാകുന്നു. അവൻ അത്യുന്നതനും അതിമഹനീയനുമാണല്ലോ. അന്ത്യനാളിന്റെ ഭീകരത വാനലോകത്തുള്ളവരും (മലക്കുകൾ) അനുഭവിക്കേണ്ടി വരുമെന്ന് സൂചിപ്പിച്ചുകൊണ്ട് ഖുർആൻ പറയുന്നു:

وَنُفِخَ فِي الصُّورِ فَصَعِقَ مَن فِي السَّمَاوَاتِ وَمَن فِي الْأَرْضِ إِلَّا مَن شَاءَ اللَّهُ ثُمَّ نُفِخَ فِيهِ أُخْرَىٰ فَإِذَا هُمْ قِيَامٌ يَنظُرُونَ ﴿٦٨﴾

(അന്ത്യനാളിൽ കാഹളം ഊതപ്പെട്ടാൽ വാനലോകത്തും ഭൂമിയിലുമുള്ളവരൊക്കെയും മരിച്ചു വീഴുന്നു. അല്ലാഹു ഉദ്ദേശിച്ചവരൊഴികെ. പിന്നെ മറ്റൊരു ഊത്തുണ്ടാകുന്നു. അപ്പോഴതാ എല്ലാവരും എഴുന്നേറ്റുനിന്നു നോക്കാൻ തുടങ്ങുന്നു - 39:68).

وَيَوْمَ يُنفَخُ فِي الصُّورِ فَفَزِعَ مَن فِي السَّمَاوَاتِ وَمَن فِي الْأَرْضِ إِلَّا مَن شَاءَ اللَّهُ

(കാഹളത്തിൽ ഊതപ്പെടുന്ന നാൾ ഓർക്കുക അന്ന് വാനലോകത്തുള്ളവരും ഭൂമിയിലുള്ളവരുമെല്ലാം ഭയവിഹ്വലരാകുന്നു, അല്ലാഹു ഉദ്ദേശിച്ചവരൊഴിച്ച് - 27:87). ഈ സൂക്തങ്ങൾ പറയുന്ന വാനലോകത്തുള്ളവർ മലക്കുകളാണ്. അന്ത്യനാളിൽ സകലരെയും പിടികൂടുന്ന ഇതേ ഭയവിഹ്വലതയെയാണ് നാം ചർച്ചചെയ്യുന്ന വാക്യം സൂചിപ്പിക്കുന്നത്. ഈ മഹാഭീതിയിൽനിന്ന് മുക്തരാകുന്ന മനുഷ്യർ ആരാണെന്ന് 21;101-103 സൂക്തങ്ങൾ പറയുന്നുണ്ട്. ഈ ഒഴിവാക്കപ്പെടുന്നവർ, അന്ന് ഒട്ടും ഭീതിയില്ലാത്തവരായിരിക്കും എന്നല്ല അവിടെ പറയുന്നത് لَا يَحْزُنُهُمُ الْفَزَعُ الْأَكْبَرُ (ആ മഹാഭീതി അവരെ വ്യാകുലപ്പെടുത്തുകയില്ല) എന്നാണ്. രണ്ടാമതു കാഹളം മുഴങ്ങുമ്പോൾ സജ്ജനങ്ങളും മലക്കുകളുമടക്കം എല്ലാവരും ഉയിർത്തെഴുന്നേറ്റ് പരിഭ്രമത്തോടെ, അന്ധാളിപ്പോടെ എന്താണ് സംഭവിക്കുന്നതെന്ന് മിഴിച്ചു നോക്കുന്നു. ക്രമേണ അവരുടെ പരിഭ്രമമകലുന്നു. അപ്പോൾ ഉൽകണ്ഠയോടെ പരസ്പരം ആരായുന്നു; പ്രപഞ്ച വിധാതാവ് ഇപ്പോൾ കൽപിക്കുന്നതെന്താണ്?! അവർ തന്നെ മറുപടിയും പറയും. ഇത് حَقّ- ആത്യന്തിക നീതിവിധിക്കുന്ന ദിനമാകുന്നു. ഇന്ന് ആരോടും അന്യായമോ പക്ഷപാതിത്വമോ ഉണ്ടാവില്ല. അന്ത്യനാളിൽ മനുഷ്യർ നേരിടുന്ന ഭീതിയും ഭീകരാവസ്ഥയും വർണിച്ചുകൊണ്ട് ഖുർആൻ പറയുന്നു:

فَإِذَا جَاءَتِ الصَّاخَّةُ ﴿٣٣﴾ يَوْمَ يَفِرُّ الْمَرْءُ مِنْ أَخِيهِ ﴿٣٤﴾ وَأُمِّهِ وَأَبِيهِ ﴿٣٥﴾ وَصَاحِبَتِهِ وَبَنِيهِ ﴿٣٦﴾ لِكُلِّ امْرِئٍ مِّنْهُمْ يَوْمَئِذٍ شَأْنٌ يُغْنِيهِ ﴿٣٧﴾

(ഒടുവിൽ ആ കാതടപ്പിക്കുന്ന ഘോഷമുയരുമ്പോൾ, അന്ന് മനുഷ്യൻ സ്വന്തം സഹോദരനിൽനിന്നും മാതാവിൽനിന്നും പിതാവിൽനിന്നും ഭാര്യയിൽനിന്നും സന്തതികളിൽ നിന്നുമെല്ലാം ഓടിയകലുന്നു. അന്ന് ഓരോ മനുഷ്യനും ചിന്തിക്കാൻ സ്വന്തം കാര്യം തന്നെ ധാരാളം - 80:33-37).

ഇങ്ങനെ മലക്കുകളും മനുഷ്യരുമെല്ലാം സംഭീതരാവുകയും ഓരോരുത്തർക്കും ചിന്തിക്കാൻ സ്വന്തം കാര്യം തന്നെ മതിയാവോളം ഉണ്ടായിരിക്കുകയും ചെയ്യുന്ന ആ നാളിൽ മറ്റുള്ളവർക്കുവേണ്ടി ശിപാർശക്കു പോകാൻ ആർക്കാണ് കഴിയുക? ദൈവിക നീതി സമ്പൂർണമായി പുലരുന്ന നാളാണതെന്ന് ബോധ്യമുള്ള ആരാണ് ഇഷ്ടക്കാർക്കും ആശ്രിതർക്കും അന്യായമായ ആനുകൂല്യങ്ങൾക്കുവേണ്ടി അല്ലാഹുവിനോട് ശിപാർശ ചെയ്യാൻ ധൈര്യപ്പെടുക?

مَا لِلظَّالِمِينَ مِنْ حَمِيمٍ وَلَا شَفِيعٍ يُطَاعُ (ധർമധിക്കാരികൾക്ക് സഹായിക്കുന്ന ചങ്ങാതിമാരായോ അനുസരിക്കപ്പെടുന്ന ശിപാർശകരായോ ആരുമില്ല -40:18). അത്തരക്കാർക്കു വേണ്ടി ആരെങ്കിലും ശിപാർശ ചെയ്താൽ അതൊട്ടും ഫലപ്രദമാവുകയുമില്ല. فَمَا تَنفَعُهُمْ شَفَاعَةُ الشَّافِعِينَ (ശിപാർശകരുടെ ശുപാർശകളൊന്നും അവർക്ക് പ്രയോജനപ്പെടുകയില്ല). ഇതാണ് ഈ സൂക്തത്തിന്റെ കൂടുതൽ യുക്തമായ വ്യാഖ്യാനം.

2:254,255; 6:51,70; 10:3,18; 20:109; 30:13 തുടങ്ങിയ അനേകം സൂക്തങ്ങളുടെ വിശദീകരണത്തിൽ നേരത്തെ *ഖുർആൻ ബോധനം* ശിപാർശ -شفاعة- ചർച്ച ചെയ്തിരിക്കുന്നു.